DESPATCHED
On. 05/03/2020

30/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.840(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.10607/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ.മദനൻ.ടി.വി
മുട്ടിച്ചരൽ
ഇരിയ പി.ഒ.–671 531 } പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അസി.പ്രൊഫസർ
ഗവ.കോളേജ്, മടപ്പള്ളി, വടകര–673 102

അപ്പലേറ്റ് അതോറിറ്റി & പ്രിൻസിപ്പാൾ
ഗവ.കോളേജ്, മടപ്പള്ളി, വടകര–673 102 } എതിർകക്ഷി.കൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 16.04.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.04.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 22.06.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 22.06.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 30.01..2020<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,കോഴിക്കോട് |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.മദനൻ റ്റി.വി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, മേൽപ്പടി ഓഫീസിൽ ആളില്ലായെന്നും ഫീസ് അടച്ച് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പരിശോധിച്ച് നേരിട്ട് വിവരം ശേഖരിക്കാം എന്നാണ് അറിയിച്ചതെന്നും മേൽപ്പടി മറുപടിയിൽ അപ്പീൽ അധികാരിയുടെയും SPIOയുടെയും പേര് നൽകിയിരുന്നില്ലായെന്നും ടിയാൻ 06.05.2015 തീയതി അപ്പീൽ സമർപ്പിച്ചെങ്കിലും നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്.

i) 2013, 2014 വർഷത്തിലെ മടപ്പള്ളി കോളേജ് പ്രിൻസിപ്പാളിന്റെ Movement Register-ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും

ii) മേൽ വർഷത്തിൽ കോളേജിന് ലഭിച്ച യുജിസി/മറ്റു ഗ്രാന്റുകളുടെ വിശദ വിവരം നൽകണമെന്നും

iii) പോലീസിനെ പങ്കെടുപ്പിച്ചു കൊണ്ട് പരിപാടി നടത്തിയതിൽ മൊത്തം ചെലവായ തുക എത്രയെന്നും അനുവദിച്ച തുക എത്രയെന്നും മറ്റുമായി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നിശ്ചിത ഫീസ് ഒടുക്കി എതിർകക്ഷി ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും രജിസ്റ്ററുകളും നേരിൽ പരിശോധിച്ച് ശേഖരിക്കാവുന്നതാണെന്നും മേൽപ്പടി ഓഫീസിൽ മൂന്നു തസ്തികകളിൽ ആളില്ലാത്ത അവസ്ഥയിലാണ് അപ്രകാരം നിർദ്ദേശം നൽകുന്നതെന്നും 7-ാം ഇനത്തിൽ ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും അതതു വകുപ്പുകളുടെ മുന്നിൽ അധ്യാപകരുടെ പേര് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും 8-ാം ഇനം സംബന്ധിച്ച് അറിയിച്ചത്, പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേരിലാണ് വിവരം നൽകുന്നതെന്നും അപ്പലേറ്റ് അതോറിറ്റി പ്രിൻസിപ്പാൾ ആണെന്നുമാണ്.

3. ഹർജിക്കാരൻ, കമ്മീഷൻ മുമ്പാകെ 22.06.2015 തീയതി സമർപ്പിച്ച കത്തിൽ ടിയാന് ഹിയറിംഗിനുള്ള നോട്ടീസ് ലഭിച്ചത് വൈകിയാണെന്നും ആയതിനാൽ മറ്റൊരു ദിവസം ഹിയറിംഗ് നടത്തണമെന്നും ആവശ്യപ്പെട്ടു. ആയതു പ്രകാരം ഹർജിക്കാരന് ഹിയറിംഗിനുള്ള അവസരം 30.01.2020 തീയതി നൽകിയെങ്കിലും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാവുകയുണ്ടായില്ല.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് മടപ്പള്ളി കോളേജ് പ്രിൻസിപ്പാളിന്റെ Movement Register-ന്റെ പകർപ്പിനാണ്. അത്തരത്തിൽ ഒരു രജിസ്റ്റർ എതിർകക്ഷി ഓഫീസിൽ ലഭ്യമാണെങ്കിൽ ആയത് സംബന്ധിച്ച വിവരം ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകേണ്ടതായിരുന്നു. എന്നാൽ അപ്രകാരമുള്ള വിവരങ്ങൾ ഒന്നും നൽകിയിട്ടില്ലാത്തതിനാൽ മൂവ്മെന്റ് രജിസ്റ്റർ പ്രിൻസിപ്പാളിന്റെ പേരിൽ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഹർജിക്കാരന് സൗജന്യമായി ലഭിക്കാനുള്ള അർഹത ടിയാനുണ്ടെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. 2–ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ബൃഹത്തായതിനാൽ മേൽപ്പടി ഇനം സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും നേരിൽ പരിശോധിച്ച് ശേഖരിക്കാവുന്നതാണെന്ന ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ കമ്മീഷൻ അപാകതയൊന്നും കാണുന്നില്ല. 3–ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ച് ശേഖരിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുള്ളത് നിയമാനുസൃതമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. 4–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമ പ്രകാരം വെളിപ്പെടുത്താവുന്നതാണെങ്കിൽ ആയതിന്റെ പകർപ്പും സൗജന്യമായി ലഭിക്കുവാനുള്ള അർഹത ഹർജിക്കാരനുണ്ടെന്നു കമ്മീഷൻ വിലയിരുത്തുന്നു. 5–ാം ഇനത്തിൽ ആവശ്യപ്പെട്ട പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് എതിർകക്ഷി സ്ഥാപനത്തിൽ ലഭ്യമാണെങ്കിൽ ആയതിന്റെ പകർപ്പും സൗജന്യമായി ലഭിക്കാനുള്ള അർഹത ഹർജിക്കാരനുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. 6–ാം ഇനം സംബന്ധിച്ച് ഹർജിക്കാരനോട് നിർദ്ദേശിച്ചത് ബന്ധപ്പെട്ട രജിസ്റ്റർ നേരിൽ പരിശോധിച്ച് വിവരം ശേഖരിക്കാവുന്നതാണെന്നാണ്. മേൽപ്പടി മറുപടിയിൽ കമ്മീഷൻ അപാകതയൊന്നും കാണുന്നില്ല. 7, 8 എന്നീ ഇനങ്ങൾ സംബന്ധിച്ച് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. 8–ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം എതിർകക്ഷി ഓഫീസിലെ ഏതെങ്കിലും ഫയലിലോ, രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടുള്ള വിവരാവകാശ

നിയമത്തിലെ 2(എഫ്) വകുപ്പു പ്രകാരമുള്ള വിവരമല്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു.

5. ഹർജിക്കാരൻ എതിർകക്ഷി സ്ഥാപനത്തിൽ നിരവധി വിവരാവകാശ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായും ആയത് വിവരം ലഭിക്കണം എന്നതിലുപരി എതിർകക്ഷി ഓഫീസിന്റെ പ്രവർത്തനത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തിലാണെന്നും കാണുന്നു. ആയത് വിവരാവാകാശ നിയമ പ്രകാരം അംഗീകരിക്കുവാൻ നിർവ്വാഹമില്ല. വിവരാവകാശ നിയമ പ്രകാരം ഒരു അപേക്ഷകൻ വിവരങ്ങൾ തേടുമ്പോൾ ആയതുകൊണ്ട് ബന്ധപ്പെട്ട അപേക്ഷകനോ, സമൂഹത്തിനോ എന്തെങ്കിലും പ്രയോജനമുണ്ടാകേണ്ടതാണ്. അതല്ലാതെ ഏതെങ്കിലും ഓഫീസിന്റെ പ്രവർത്തനത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുക എന്നത് വിവരാവകാശ നിയമത്തിന്റെ ദുരുപയോഗമാണ്. ഇക്കാര്യത്തിൽ ഹർജിക്കാരന്റെ ശ്രദ്ധ ബഹു.സുപ്രീംകോടതിയുടെ സിവിൽ അപ്പീൽ നം. 6159-6162, 5924/2013,SLP (C).Nos.28817, 28801/14 എന്നിവയിൽ പുറപ്പെടുവിച്ച വിധി ന്യായത്തിലേയ്ക്ക് ക്ഷണിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**ഒപ്പ്**

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

അഡീഷണൽ സെക്രട്ടറി(നിയമം)